**നവസാമൂഹ്യപ്രസ്ഥാനങ്ങൾ, സിവിൽസമൂഹമുന്നേറ്റങ്ങൾ, ബദൽ ജീവിതരീതികൾ, ഭാരതീയമായ പ്രസ്ഥാനങ്ങൾ, ഗാന്ധിയൻ പ്രസക്തികൾ ഇവയൊക്കെ നൈതിക ഇടതുപക്ഷമാണ്. ആ പാതയിലാണ് അന്നാഹസാരെയും ചില സ്വാമിമാരും. കുറവുകൾ പിന്നിട്ട് ഇത് ശക്തമായ പ്രവാഹമാകും. കാത്തിരിക്കാനുള്ള അൽപം ക്ഷമ കാലം ആവശ്യപ്പെടുന്നുവെന്ന് ഡേവിസ് വളർക്കാവ്**

# ഇടതുപക്ഷത്തിന് പ്രസക്തിയുണ്ടോ?

**ഇടതുപക്ഷം** പ്രധാനമായും മൂന്ന് തരത്തിലുണ്ട്. ഒന്ന് മുന്നണി ഇടതുപക്ഷം എൽ.ഡി.എഫ് എന്നത്. ലെഫ്റ്റ് ഡമോക്രാറ്റിക് ഫ്രന്റ്. കാലാകാലങ്ങളിൽ തിരഞ്ഞെടുപ്പു വരുമ്പോൾ ഏറ്റവും സജീവമാകുന്ന രാഷ്ട്രീയ പാർട്ടികളുടെ പൊതുഫോറമാണിത്. ചിലപ്പോൾ ഇതിലെ പല ഘടകങ്ങളും വലതുപക്ഷം എന്ന് വിളിക്കപ്പെടുന്ന ക്യാമ്പിൽ കാണും. ഇടയ്ക്കിടെ കൂട്ടുകൂടുന്നവരും സ്ഥിരം താമസക്കാരും പിണങ്ങിപ്പിരിയുന്നവരും ഒക്കെ ചേർന്നതാണ് ഈ വേദി.

കേരള സന്ദർഭത്തിൽ മുന്നണികൾ മാറിമാറി ഭരിക്കുന്ന ഒരു സാഹചര്യത്തിൽ ആരൊക്കെയാണ് ഓരോ ക്യാമ്പിലെന്ന് ഉറപ്പിക്കാനാവില്ല. അത്രയ്ക്കും ലോലമാണ് ഇടത്-വലത് അതിർവരമ്പുകൾ. എങ്കിലും എൽ.ഡി.എഫ് എന്ന പേരിൽ തിരഞ്ഞെടുപ്പിലും ഭരണത്തിലും വളരെ സജീവമായ പ്രസ്ഥാനമാണ് ഇത്. ആദർശാത്മകതയുടെ ഒരു പരിവേഷം ഇതിനുചുറ്റും ഉണ്ട്. പ്രത്യാശയ്ക്ക് വകനൽകാത്ത അധികാരം മാത്രം ലക്ഷ്യമാക്കിയ ഒരു കൂട്ടായ്മയുടെ സകല പരിമിതികളും എന്നാലിതിനുണ്ട്. നോട്ടും വോട്ടും ഭക്ഷിച്ചാണിതിന്റെ ജീവസന്ധാരണം. ആൾക്കൂട്ടങ്ങൾ ഇവരുടെ കളികളിൽ പങ്കെടുക്കാറുണ്ട്. ഏകകക്ഷി ഭരണത്തേക്കാൾ മെച്ചം എന്ന ഒരുവശം ഇതിൽ ഉള്ളതിനാലും ചെറുപാർട്ടികൾക്കും ഇടം ഉള്ളതിനാലും  ജനാധിപത്യത്തിൽ കുറേക്കാലം കൂടി ഈ കൂട്ടായ്മ നിലനിൽക്കും.

രണ്ടാമത് വിഭാഗമാകട്ടെ പാരമ്പര്യ ഇടതുപക്ഷമാണ്, ജന്മനാൽ തന്നെ ഈ നാമധേയത്താൽ സ്നാനം ചെയ്യപ്പെട്ടവർ. ഇക്കൂട്ടത്തിൽ കമ്മ്യൂണിസ്റ്റുകൾ, ഡമോക്രാറ്റുകൾ, റാഷണലിസ്റ്റുകൾ, സോഷ്യലിസ്റ്റുകൾ എന്നിവരാണ് പ്രധാനമായും ഉള്ളത്. ഭാരതത്തേപ്പോലൊരു രാജ്യത്ത് ഇക്കൂട്ടർ ശക്തരല്ല. എങ്കിലും ആദർശാത്മകതകൊണ്ടും പ്രത്യയശാസ്ത്രംകൊണ്ടും മറ്റുള്ള സാമൂഹ്യസംഘടനകളേക്കാൾ ബൗദ്ധികമായി മുന്നിട്ടുനിൽക്കുന്നവരാണ്. ജനകീയ അടിത്തറ കുറ



**ലോകത്തിന്റെ ഏതെങ്കിലും കോണിൽ മുന്നേറ്റങ്ങൾ ഉണ്ടാകുമ്പോൾ അത് 'ഞമ്മന്റെ ആളുകളാ' എന്ന് പറഞ്ഞും ഇവിടെ അത് നടക്കുമെന്ന് സ്വപ്നം കണ്ടും കാലം കഴിക്കാനാണ് വിധി. ആദർശത്തേക്കാൾ വിശ്വാസവും, മണ്ടത്തരവുമാണ് ഇവരെ നയിക്കുന്നത്. അതാത് രാജ്യത്തിന്റെ സംസ്കാരവൈവിധ്യം, പ്രകൃതിപരമായ പ്രത്യേകതകൾ, കൃഷി, കൈതൊഴിൽ, വിശ്വാസങ്ങൾ, വിമോചനാശയങ്ങൾ, പൈതൃകം, മനുഷ്യവിഭവശേഷി, പൂർവ്വകാല മഹത്വ്യക്തിത്വങ്ങൾ ഇതൊന്നും ഇവരുടെ ആദരവിന് അർഹത നേടിയിട്ടേയില്ല. ഇവരാണ് രക്ഷകരും ലോകത്തിന്റെ ശരിയായ വിമോചകരും എന്നതാണ് ഭാവം**

വാണ്. കമ്മ്യൂണിസ്റ്റുകൾ ഇന്ത്യയിൽ വളരെ കുറവാണ്. സോഷ്യലിസം ഈ വാക്ക് മറന്ന മട്ടായി. ഡമോക്രാറ്റുകൾ സജീവമല്ല. റാഷണലിസ്റ്റുകൾ ചില പണ്ഡിതന്മാർ മാത്രമാണ്. ബാക്കി വംശനാശം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. സെക്യുലറിസ്റ്റുകൾ മേൽപറഞ്ഞ പ്രസ്ഥാനത്തിന്റെ ബി ടീമുകളായി നിലനിൽക്കുന്നു. ബാലാരിഷ്ടതകളിൽ നിന്ന് കരകയറാൻ ഇവർക്കാവില്ല. അതിനുള്ള ഇച്ഛാശക്തിയോ ഭാവാത്മകതയോ ഇവരിൽ കുറവാണ്. ശാഠ്യങ്ങളാണ് അധികവും. എന്നാൽ അണികളെ പിടിച്ചുനിർത്താനും കാലിന്നടിയിൽനിന്ന് ഒഴുകിപ്പോകുന്ന മണ്ണ് പുറത്ത് കാണാതിരിക്കാനും ഇവർ ഏറെ ശ്രദ്ധാലുക്കളാണ്. ചെഗുവേര, ഷാവേസ്, ഭഗത്സിങ്ങ്, ജെ.പി, ലോഹ്യ, ഇ.എം.എസ്, എ.കെ.ജി ഇങ്ങനെ ഇടയ്ക്കിടെ പറഞ്ഞുകൊണ്ടിരുന്ന് കാലം കഴിക്കാനേ ഇവർക്കിനി വിധിയുള്ളൂ. ജെ.എൻ.യുവിലെ പൗഡർകുട്ടപ്പന്മാരാണിതിന്റെ തലപ്പത്ത്. ലോകത്തിന്റെ ഏതെങ്കിലും കോണിൽ മുന്നേറ്റങ്ങൾ ഉണ്ടാകുമ്പോൾ അത് 'ഞമ്മന്റെ ആളുകളാ' എന്ന് പറഞ്ഞും ഇവിടെ അത് നടക്കുമെന്ന് സ്വപ്നം കണ്ടും കാലം കഴിക്കാനാണ് വിധി. ആദർശത്തേക്കാൾ വിശ്വാസവും, മണ്ടത്തരവുമാണ് ഇവരെ നയിക്കുന്നത്. അതാത് രാജ്യത്തിന്റെ സംസ്കാരവൈവിധ്യം, പ്രകൃതിപരമായ പ്രത്യേകതകൾ, കൃഷി, കൈതൊഴിൽ, വിശ്വാസങ്ങൾ, വിമോചനാശയങ്ങൾ, പൈതൃകം, മനുഷ്യവിഭവശേഷി, പൂർവ്വകാല മഹത്വ്യക്തിത്വങ്ങൾ ഇതൊന്നും ഇവരുടെ ആദരവിന് അർഹത നേടിയിട്ടേയില്ല. ഇവരാണ് രക്ഷകരും ലോകത്തിന്റെ ശരിയായ വിമോചകരും എന്നതാണ് ഭാവം.

ഇങ്ങനെയുള്ളവരിലെ ചില ത്യാഗികളുടെ പാരമ്പര്യത്തെ എടുത്തുപറഞ്ഞ് ഭോഗികളായി കഴിഞ്ഞുകൂടുന്ന ഒരു വിഭാഗമാണ് കേരളത്തിലെയെങ്കിലും നഗരങ്ങളിലെ കമ്മ്യൂണിസ്റ്റുകാർ. ഇവരിൽ കൺസ്യൂമറിസ്റ്റ് ജീവിതശൈലി അധികരിച്ചുവരികയാണ്. തായ്‌വഴിപോലെ ഇടതായവർ ധാരാളമുണ്ട്. സമുദായം പോലെയായ പാരമ്പര്യകമ്മ്യൂണിസ്ററുകളും ഉണ്ട്. ഇതാ വിപ്ലവം എത്തിക്കഴിഞ്ഞു. കൈകളിൽ ചോര പുരളാത്തവർ കമ്മ്യൂണിസ്റ്റല്ല. നമ്മൾ കൊയ്യും വയലെല്ലാം നമ്മുടെതാകും, വിപ്ലവം വിരുന്നുസൽക്കാരമല്ല, 50 വർഷത്തിനുള്ളിൽ അധികാരം പിടിച്ചെടുക്കും ഇങ്ങനെ വിളിച്ചുകൂവുന്ന കമ്മ്യൂണിസ്റ്റുകളാണ് പാരമ്പര്യ ഇടതുപക്ഷത്തിന്റെ മുൻപന്തിയിൽ. ഇവരിൽ പരസ്പരം മൽപിടുത്തും നടത്തി സഹനപർവ്വത്തിലാണ് സോഷ്യലിസ്റ്റുകളും മറ്റു കൂട്ടരും. കരുത്തുറ്റ പ്രത്യയശാസ്ത്രം ഈ വല്യേട്ടന്മാരുടെ കുത്തകയാണ്. അതിന്റെ ആധികാരികത, പ്രസക്തി എന്ന അന്വേഷണം ആർക്കുവേണം? വിമർശകരെ വിരുദ്ധർ എന്ന നാമം ചേർത്ത് വിളിക്കുക ഇവരുടെ മുഖ്യവിനോദമാണ്.

മൂന്നാമത് കൂട്ടരാകട്ടെ ഇടതുപക്ഷമെന്ന് പ്രഖ്യാപിക്കപ്പെടാതെ ഇടതുപക്ഷ സവിശേഷതകൾ ഉൾക്കൊള്ളുന്ന വിഭാഗമാണ്. നൈതികമായ ഇടതുപക്ഷം എന്നു പറയും. വ്യക്തികളും, പ്രസ്ഥാനങ്ങളും ഇത്തരത്തിൽ കാണാം. ചിലപ്പോൾ മറ്റു പേരുകളിലാണിവർ അറിയപ്പെട്ടിട്ടുള്ളതും അറിയപ്പെടുന്നതും. പേര് മറച്ചുവെയ്ക്കപ്പെട്ടതുകൊണ്ടല്ല മനസ്സിലാക്കാതിരുന്നതുകൊണ്ടാണ്.

ഇന്ത്യൻ സ്വാതന്ത്ര്യ സമരകാലത്ത് ഗാന്ധിജിയായിരുന്നു ഈ പക്ഷത്ത്. നൈതികമായ ഇടതുപക്ഷം ഗാന്ധിയൻ പ്രസ്ഥാനമായിരുന്നു. പാരമ്പര്യ ഇടതുപക്ഷം അന്നു വലതുപക്ഷത്തായിരുന്നു. ദക്ഷിണാഫ്രിക്കയുടെ വിമോചനസമരത്തിൽ ആഫ്രിക്കൻ നാഷണൽ കോൺഗ്രസ്സും മണ്ടേലയുമായിരുന്നു നൈതിക ഇടതുപക്ഷം. ബർമ്മയുടെ ജനാധിപത്യസമരത്തിൽ ബുദ്ധഭിക്ഷുകളും സ്യൂചിയുടെ പ്രസ്ഥാനവുമാണ് ഈ പക്ഷം. ലാറ്റിനമേരിക്കൻ രാജ്യങ്ങളിൽ ക്രൈസ്തവ വിമോചനദൈവശാസ്ത്രവുമായി ബന്ധപ്പെട്ടാണ് നൈതിക ഇടതുപക്ഷം ആവിഷ്ക്കരിക്കപ്പെടുന്നതും പോരാടുന്നതും.

കേരളത്തിലെ പശ്ചാത്തലത്തിൽ എൻഡോസൾഫാനെതിരായ സമരം നടത്തിയ ആരോഗ്യ-പരിസ്ഥിതി പ്രവർത്തകരാണ് നൈതിക ഇടതുപക്ഷം. ഇവർ നടത്തിയ നിരന്തരപ്രവർത്തന ഫലമായാണ് മുന്നണി, പാരമ്പര്യ ഇടതുപക്ഷത്തിനും മറ്റും ഈ വിഷയം (സംഭവം) പരിഗണിക്കേണ്ടിവന്നത്. ചെങ്ങറയിൽ നൈതികമായ ഇടതുപക്ഷമാണ് സമരം ചെയ്തത്, മൂലമ്പിള്ളിയിലും. മുന്നണി ഇടതുപക്ഷം ഈ സമരത്തിന് എതിരായിരുന്നു. പാരമ്പര്യ ഇടതുപക്ഷം കടല കൊറിച്ച് കുറ്റം പറഞ്ഞിരിക്കുകയായിരിക്കുന്നു.

നൈതികമായ ഇടപെടലുകൾ ധാർമ്മികമായ മുന്നേറ്റങ്ങൾ ഇനി കേരളത്തിലും ഭാരതത്തിലും ലോകമെമ്പാടും സജീവമാകും. കാഴ്ചക്കാരും പിറകിൽ നിന്ന് കുത്തുന്നവരും ഒക്കെയായി ഒന്നും രണ്ടും വിഭാഗങ്ങൾ ചരിത്രത്തിൽ കോമാളികളായി കളിക്കും. തിരിച്ചറിയുന്ന ഒരു വിഭാഗം സാമൂഹ്യ പ്രസ്ഥാനങ്ങളിലേക്കും സിവിൽ സമൂഹ ഉണർവിലേക്കും പ്രവേശിക്കും. പാരമ്പര്യ മഹത്വം പറഞ്ഞ് ധീരരക്ത സാക്ഷികളുടെ ചിത്രം പേറി ചായക്കോപ്പയിലെ കൊടുങ്കാറ്റായി ബാക്കി പേർക്ക് സമയം കളയാം. ഈ പ്രസ്ഥാനങ്ങൾ ചെയ്ത മഹത്തരമായ സേവനങ്ങൾക്ക് കൃതജ്ഞതയുള്ളവരാം. വിവേകികൾക്ക് അതാണ് കരണീയം. നവസാമൂഹ്യപ്രസ്ഥാനങ്ങൾ, സിവിൽ സമൂഹമുന്നേറ്റങ്ങൾ, ബദൽ ജീവിതരീതികൾ, ഭാരതീയമായ പ്രസ്ഥാനങ്ങൾ, ഗാന്ധിയൻ പ്രസക്തികൾ ഇവയൊക്കെ ഈ നൈതിക ഇടതുപക്ഷമാണ്. ആ പാതയിലാണ് അന്നാഹസാരെയും ചില സ്വാമിമാരും. കുറവുകൾ പിന്നിട്ട് ഇത് ശക്തമായ പ്രവാഹമാകും. കാത്തിരിക്കാനുള്ള അൽപം ക്ഷമ, വരാനിരിക്കുന്നവന്റെ മഹത്വം പറഞ്ഞ സ്നാപക യോഹന്നാന്റെ വിവേകം കാലം നമ്മോടാവശ്യപ്പെടുന്നു. ഈ നൈതിക ഇടതുപക്ഷത്തിനേ പ്രസക്തിയുള്ളൂ. മറ്റേത് ടൈറ്റാനിക് പോലെ കടലിൽ വിശ്രമിക്കട്ടെ. ശുഭാശുഭയാത്രയും നടത്തി തളർന്ന ഇവരെ കാലം കയ്യൊഴിയുമ്പോൾ യാത്രാമൊഴി പറയാൻ നമ്മുടെ ഇടതുപക്ഷ ഹാങ്ങ് ഓവർ അനുവദിക്കുകയില്ല. വേദനയും ഉണ്ടാകും. സാരമില്ല. ഇവയുടെ തിരോഭാവം ശൂന്യതയല്ല സൃഷ്ടിക്കുക. പുത്തൻ ശക്തികളുടെ ഉദയവും അതുപോലെ ജീർണ്ണശക്തികളുടെ ഏകീകരണവും സംഭവിക്കും. ഇത് പ്രകൃതി നിയമമാണ്. കൂട്ടായ്മകളുടെ ഇടപെടലുകൾക്കനുസരിച്ച് ഓരോ വിഭാഗത്തിനും മുൻകൈവരും. ഒരു ഇടതുപക്ഷനാമം വേണം തങ്ങൾക്ക് താങ്ങായി, ഊന്നുവടിയായി എന്നുള്ളവർ നാമം തുടരട്ടെ. ആ പേര് ഉപേക്ഷിച്ച് എത്രയോ പേർ, ഇടത് എന്ന് കേൾക്കാത്ത എത്രയോ പേർ പണിതുകൊണ്ടിരിക്കുന്ന പുതുഭാരതമാണ് പിറവികൊള്ളാനിരിക്കുന്നത്. സങ്കുചിത കക്ഷിരാഷ്ട്രീയത്തിന്റെ, പാരമ്പര്യ ഗീർവാണങ്ങളുടെ മാറാപ്പ് ഇറക്കി വെയ്ക്കുക. വിക്രമാദിത്യകഥയിലെ വേതാളത്തെ ഇനി ചുമക്കേണ്ടതില്ല. കാലം അതിന്റെ ദൗത്യം നിർവ്വഹിച്ചുകഴിഞ്ഞതിനെ പിന്നെ അങ്ങനെത്തന്നെ നില നിർത്താറില്ല. സിനിമാ ടാക്കീസുകൾ കല്ല്യാണമണ്ഡപങ്ങളിലേക്കും മൃതശരീരം മണ്ണിലേക്കും മാറുന്നത് സ്വാഭാവികം. നാമിഷ്ടപ്പെട്ടാലും ഇല്ലെങ്കിലും ഇത് സംഭവിക്കും. പുതിയ ചിന്തകളും, പ്രസ്ഥാനങ്ങളും, വ്യക്തികളും, സമരങ്ങളും, നക്ഷത്രങ്ങളും ഉദിക്കും. സ്വീകരിക്കാൻ മനസ്സൊരുക്കുക. മുന്നണി, പാരമ്പര്യം ഇവയിൽ ഒട്ടിക്കിടക്കാതിരിക്കുക. ചങ്ങമ്പുഴ കപട ആത്മീയതയെ പരിഹസിച്ചുപാടിയ പോലെ നമ്മോട്

"ചികയുന്നോ ചിരി വരും
ചിതലിനിയുണ്ടെന്നോ
ചിതയിലേക്കവയെടുത്തെറിയൂ വേഗം
എന്ന് പറയാൻ ഇടവരുത്താതിരിക്കാം."

അടുത്തലക്കത്തിൽ

**മുത്തങ്ങയ്ക്ക് ശേഷം**



മുത്തങ്ങയ്ക്ക് ശേഷം വയനാടൻ
ആദിവാസികളുടെ
കോളനി ജീവിതം എങ്ങനെ?
പന്ത്രണ്ട് കേസുകൾ, 650 പ്രതികൾ,
അതിൽ മുന്നൂറോളം സ്ത്രീകൾ...
ഗോത്രമഹാസഭാ നേതാവ്
**ഗീതാനന്ദനുമൊത്തുള്ള**
അനുഭവങ്ങൾ,
കോളനിക്കാഴ്ചകൾ,
സംഭാഷണങ്ങൾ

**ഫോട്ടോഫീച്ചർ**


എൻ.എ.പി.എമ്മിന്റെ മുൻകൈയിൽ
**ലോക്പാൽ ബിൽ ആലോചന**
ജൂലായ് 3ന്
മഹാരാഷ്ട്രയിലെ വാർധയിൽ
ബന്ധങ്ങൾക്ക്: ജിയോ ജോസ്,
9446000701

**മൂൺസ് ചന്ദ്രൻ സ്മൃതിയും
പെരുമഴക്യാമ്പും**
ജൂലായ് 9-10. നിലമ്പൂർ ചന്തക്കുന്നിൽ
ബന്ധങ്ങൾക്ക്: 9496635140

രാഷ്ട്രം രാഷ്ട്രങ്ങളെയോ മനുഷ്യൻ
മനുഷ്യനേയോ സഹജീവികളേയോ
പ്രകൃതിയേയോ ചൂഷണം ചെയ്യാത്ത
സൃഷ്ടിക്കായ്
ലോഹ്യ വിചാരവേദി
**സംസ്ഥാന സമ്മേളനവും
അടിയന്തിരാവസ്ഥ
വിരുദ്ധസമ്മേളനവും**
ജൂൺ 25, 26
തിരുവനന്തപുരം മിത്രനികേതനിൽ
ബന്ധങ്ങൾക്ക്: വിജയരാഘവൻ ചേലിയ,
8086205415

**എൻഡോസൾഫാൻ വിരുദ്ധ സമരസമിതി**
എറണാകുളം, കോട്ടയം, ആലപ്പുഴ,
ഇടുക്കി, തൃശൂർ ജില്ലകളുടെ
**സംയുക്ത കൺവെൻഷൻ**
ജൂൺ 26
എറണാകുളം അച്യുതമേനോൻ ഹാൾ
ബന്ധങ്ങൾക്ക്: യേശുദാസ്, 9846441262

**മഴക്കാല സഹവാസം മാടായിപ്പാറയിൽ**
ജൂലായ് 9-10
ബന്ധങ്ങൾക്ക്: സുരേഷ്, 9446269356

പഴയ സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിന്റെ
തുടർച്ചയുമായി പുതിയൊരു
**സോഷ്യലിസ്റ്റ് പാർട്ടി (ഇന്ത്യ)**
2011 ഫെബ്രുവരിയിൽ ഹൈദരാബാദിൽ
രൂപീകൃതമായി
ബന്ധങ്ങൾക്ക്: ജോർജ്ജ് ജേക്കബ്, 9447115073

*With best compliments from*

**CENTRE FOR POST
GRADUATE STUDIES**

P.G. Centre

**North Bus Stand
Thrissur-20.**
Ph : 2338983, 6950675
e-mail : pgcentre.tsr@gmail.com